LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ക്രൈം , വിജിലൻസ് കേസുകൾ

197 (202) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര ക്രൈം കേസുകളും വിജിലൻസ് കേസുകളും ക്രൈംബ്രാഞ്ച് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് 22,03,451 ക്രൈം കേസുകളും (Total FIR), 607 വിജിലൻസ് കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* ഇതിനുപുറമെ തിരുവനന്തപുരം ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് 288 കേസുകളും, പട്ടം സൈബർ പോലീസ് സ്റ്റേഷനിൽ 126 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

മേപ്പയ്യൂർ സലഫി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസ് കത്തിച്ച സംഭവം

198 (203) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയ്യൂർ സലഫി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ബസ് കത്തിച്ച സംഭവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കേസിൽ എത്ര പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അവരുടെ പേര് വിവരവും വ്യക്തമാക്കുമോ ;

(സി) പ്രതികളിൽ എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അവരുടെ പേര് വിവരവും അറിയിക്കുമോ ;

(ഡി) കേസുമായി ബന്ധപ്പെട്ട കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ ;

(ഇ) കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) കേസിൽ രണ്ട് പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. 2 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. അവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. അബ്ദുൾ വാഹിദ് S/o മൊയ്തു, വയസ്സ് 21/14, തറേക്കണ്ടി (H), മേപ്പയ്യൂർ.

2. മുഹമ്മദലി ഫറൂഖ് S/o, മൊയ്തീൽ വയസ്സ് 21/14, ചെറുവോട്ട് മഠത്തിൽ, തിരുവള്ളൂർ

(ഡി) കേസ് അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

(ഇ) കേസ് അന്വേഷണാവസ്ഥയിലാണ്.

അഭിലാഷിന്റെ ദുരൂഹ മരണം

199 (204) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥി അഭിലാഷിന്റെ ദുരൂഹ മരണം സംബന്ധിച്ച ക്രൈം ബ്രാഞ്ച് അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) അന്വേഷണം പൂർത്തിയാക്കുന്നതിന് എത്ര കാലമെടുക്കുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത അന്വേഷണത്തിന്റെ ചുമതല ആർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കാഞ്ഞങ്ങാട് ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥി അഭിലാഷിന്റെ മരണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1188/14 കേസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും (CBCID, Cr.No. 210/CR/HHW-111/KKD/14) ക്രൈം ബ്രാഞ്ച് HHW-III കണ്ണൂർ സബ്-യൂണിറ്റ് ഡിവൈ.എസ്.പി. ശ്രീ. കെ. വി. സന്തോഷ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. ടി കേസിൽ ആധികാരികമായ തെളിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് അന്വേഷണം പൂർത്തീകരിച്ച് കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണ്.

കാസർഗോഡ് ജില്ലയിലെ സ്റ്റുഡന്റ് പോലീസ് സ്കീം

200 (205) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ ഏതൊക്കെ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് സ്കീം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly